# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

എ6/28885/11

തൈക്കാട് തിരുവനന്തപുരം-14,
തീയതി:15/01/2013

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം
(നിലവിൽ: കെ.ബിജു, ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ആഫീസ് ജോലികൾക്കായി താത്കാലികമായി സേവനത്തിൽ ഇരുന്ന വർക്ക്ഷോപ്പ് അറ്റന്ററിനെ വിടുതൽ ചെയ്തും - പുതിയ ജീവനക്കാരനെ താത്കാലികമായും നിയമിച്ച് ഉത്തരവ് - സംബന്ധിച്ച്.

സൂചന:- 1. ജോയിന്റ് ഡയറക്ടറുടെ 31.10.11 ലെ എ6/28885/11 നമ്പർ നടപടിക്രമം.
2. അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 07.01.2013 ലെ എസ്.പി.ഐ.യു./29752/11 നമ്പർ അനൗദ്യോഗിക കുറിപ്പ്.

------------

ഈ വകുപ്പിലെ സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലേക്ക് ക്ലാസ്-IV ജീവനക്കാരുടെ തസ്തിക സർക്കാർ അനുവദിച്ചിട്ടില്ല. തൻമൂലം ടി സെക്ഷനിലെ ആഫീസ് പ്രവർത്തനം യഥാവിധി നടക്കുന്നില്ലാത്തതിനാൽ പരാമർശം (1) പ്രകാരം, ഐ.ടി.ഐ. ചാലക്കുടിയിലെ വർക്ക് അസിസ്റ്റന്റ് ആയ ശ്രീ. എ.അനിൽകുമാറിന്റെ സേവനം താത്ക്കാലികമായി ക്രമീകരിച്ച് ഉത്തരവ് നൽകിയിരുന്നു. ആയത് ഒരു വർഷം കാലാവധി കഴിഞ്ഞിട്ടുള്ളതുമാണ്. നിലവിൽ ഐ.ടി.ഐ. ചാലക്കുടിയിൽ ഫിറ്റർ ട്രേഡിൽ വർക്ക്ഷോപ്പ് അറ്റന്ററുടെ സേവനം ലഭിക്കാത്തതിനാൽ ടി ട്രേഡിലെ ട്രെയിനീസിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ശ്രീ. എ. അനിൽകുമാറിന്റെ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ സേവനം വകുപ്പിന് പ്രയോജനപ്പെടുത്തുന്നതിനായി ടിയാന്റെ എസ്.പി.ഐ.യു വിലെ താത്ക്കാലിക സേവനം അവസാനിപ്പിച്ച് ഉത്തരവാകുന്നു. ടിയാനെ എ.എസ്.പി.ഡി. എത്രയും വേഗം വിടുതൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

J/19/01/2013

മറുപുറം

തൻമൂലം എസ്.പി.ഐ.യു വിലെ ആഫീസ് പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ ഇരിയ്ക്കുന്നതിനായി നിലവിൽ ചാക്ക ഐ.ടി.ഐ. യിലെ പ്യൂണായ ശ്രീ. മിഥുൻലാലിനെ താത്കാലികമായി എസ്.പി.ഐ.യു.വിൽ നിയമിച്ച് ഉത്തര വാകുന്നു. പ്രിൻസിപ്പാൾ ഐ.ടി.ഐ. ചാക്ക, ടി ഉദ്യോഗസ്ഥനെ അടിയന്തിര മായി വിടുതൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. ശ്രീ.എ. അനിൽകുമാർ
   വർക്ക് ~~അസിസ്റ്റന്റ്~~ ഷോപ്പ് അറ്റൻഡർ, ഐ.ടി.ഐ.,
   ചാലക്കുടി. (പ്രിൻസിപ്പാൾ ഐ.ടി.ഐ. ചാലക്കുടി മുൻപാകെ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം)
2. ശ്രീ. മിഥുൻലാൽ
   ~~പ്യൂൺ~~ പ്യൂൺ, ഐ.ടി.ഐ. ചാക്ക. (എസ്.പി.ഐ.യു, എ.എസ്.പി.ഡി. മുൻപാകെ താത്ക്കാലികമായി സേവനത്തിൽ പ്രവേശിക്കുവാൻ നിർദ്ദേശത്തോടെ)

പകർപ്പ്:-

1. എ.എസ്.പി.ഡി., എസ്.പി.ഐ.യു.
2. പ്രിൻസിപ്പാൾ, ഐ.ടി.ഐ., ചാക്ക
3. പ്രിൻസിപ്പാൾ, ഐ.ടി.ഐ., ചാലക്കുടി.
4. വകുപ്പ് വെബ്സൈറ്റ്

J/19/01/2013

മറുപുറം